**യു.ഡി.എഫ്., എൽ.ഡി.എഫ്. എന്നിവർ ആരു ഭരിച്ചാലും നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ ഞങ്ങൾ പാർട്ടികളെ നോക്കാറില്ല. സർക്കാരിനോടാണ് ഏറ്റുമുട്ടൽ. ഇടുക്കി ജില്ലയിൽ ചിന്നക്കനാലിൽ ആദിവാസികളെ തല്ലിയോടിക്കാൻ എത്തിയത് പോലീസ് ആയിരുന്നില്ല. അവിടത്തെ സി.പി.എം.കാരായിരുന്നു.**

# നീതിക്കുവേണ്ടി സമരം തുടരും

ജാനു/രാജേഷ് തില്ലങ്കേരി

**അച്യുതാനന്ദൻ** സർക്കാർ നിലവിൽ വന്നതിനുശേഷം ആദിവാസി ഭൂപ്രശ്നവുമായി ബന്ധപ്പെട്ടും മുത്തങ്ങസമരത്തിൽ പീഡിപ്പിക്കപ്പെട്ട ആദിവാസികളുടെ കാര്യത്തിലും അനുകൂലനിലപാട് ഉണ്ടാവുമെന്നായിരുന്നു ഞങ്ങൾ കരുതിയിരുന്നത്. എന്നാൽ, അത് ഉണ്ടായില്ല. ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ ഞങ്ങൾ രണ്ടു തവണ മുഖ്യമന്ത്രിയെ നേരിൽ കാണുകയും ഫോറസ്റ്റ് കേസുൾപ്പെടെയുള്ള കേസുകൾ പിൻവലിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ, പ്രശ്നങ്ങൾ പഠിക്കട്ടെ എന്നായിരുന്നു മുഖ്യമന്ത്രി അച്യുതാനന്ദന്റെ നിലപാട്. മുത്തങ്ങ സംഭവത്തിന് ശേഷം സി.പി.എം. കൈകാര്യം ചെയ്ത എല്ലാ കേസുകളും പിൻവലിക്കുകയും ആദിവാസികളെ വഞ്ചിക്കുകയുമാണ് എൽ.ഡി.എഫ്. സർക്കാർ ചെയ്തത്. മുത്തങ്ങയിൽ പോലീസിനാൽ പീഡിപ്പിക്കപ്പെട്ടവർക്കുവേണ്ടി ഒരു പാക്കേജ് നടപ്പിലാക്കണമെന്നായിരുന്നു ഞങ്ങളുടെ പ്രധാന ആവശ്യം. ഇവരുടെ കാര്യത്തിൽ എന്തെങ്കിലും പ്രതികരിക്കാൻ പോലും മുഖ്യമന്ത്രി തയ്യാറായില്ല എന്നത് ഞങ്ങളെ വേദനിപ്പിച്ചു.

എന്നിട്ടും സി.പി.എമ്മിനോട് ഞങ്ങൾക്ക് യാതൊരുവിധ വിരോധവുമില്ല. കാരണം അവർ എല്ലാ കാലത്തും ആദിവാസി വിരുദ്ധ സമീപനം മാത്രമാണ് കൈക്കൊണ്ടിരുന്നത്. ഇവിടെ ഞങ്ങൾ സമരം ചെയ്യുന്നത് സർക്കാരിനോടാണ്. യു.ഡി.എഫ്., എൽ.ഡി.എഫ്. എന്നിവർ ആരു ഭരിച്ചാലും നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ ഞങ്ങൾ പാർട്ടികളെ നോക്കാറില്ല. സർക്കാരിനോ



ടാണ് ഏറ്റുമുട്ടൽ. ഇടുക്കി ജില്ലയിൽ ചിന്നക്കനാലിൽ ആദിവാസികളെ തല്ലിയോടിക്കാൻ എത്തിയത് പോലീസ് ആയിരുന്നില്ല. അവിടത്തെ സി.പി.എം.കാരായിരുന്നു.

സമരം ഞങ്ങൾ ഉപേക്ഷിച്ചിട്ടില്ല. മറിച്ചുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. ആദിവാസി പ്രശ്നത്തിൽ അടിയന്തിരമായി ഇടപെടണമെന്നാവശ്യപ്പെട്ട് ഞങ്ങൾ സെക്രട്ടേറിയറ്റിന് മുന്നിൽ ധർണ്ണനടത്തി. മുഖ്യമന്ത്രിക്ക് നിവേദനം നൽകി. പോസ്റ്റർ പ്രചാരണവും ചുമരെഴുത്തും നടത്തി. കൊച്ചിയിലടക്കം ഞങ്ങൾ പരിപാടി നടത്തി.

**ഇപ്പോൾ രാഷ്ട്രീയ മഹാസഭയുണ്ടോ?**

സജീവമായിത്തന്നെ ഉണ്ട്. ഗോത്രമഹാസഭയാണ് ഇപ്പോഴും ഊരുകളിൽ പ്രവർത്തിക്കുന്നത്. രാഷ്ട്രീയകാര്യങ്ങൾ വരുമ്പോൾ മാത്രമേ ഞങ്ങൾ രാഷ്ട്രീയ മഹാസഭയുടെ പേരിൽ ഇറങ്ങാറുള്ളൂ എന്നു മാത്രം.

**ആറളത്തെ പ്രശ്നത്തിൽ എങ്ങനെയാണ് ഇടപെടുന്നത്?**

നന്നായിത്തന്നെയാണ് ഇടപെടുന്നത്. 1717 കുടുംബങ്ങൾക്ക് അവിടെ പട്ടം നൽകി. പുനരധിവാസ പാക്കേജ് ഇനിയും നടപ്പാക്കാനുണ്ട്.

**ആദിവാസി പ്രശ്നങ്ങളിൽ പഴയതുപോലെ സജീവമല്ലല്ലോ?**

ഇപ്പോഴും സജീവമായി ഉണ്ട്. മുത്തങ്ങാ സമരത്തിൽ പരുക്കേറ്റവരുടെ പ്രശ്നങ്ങളിലൊക്കെ ഇടപെടുന്നുണ്ട്. വസ്ത്രവും പാത്രങ്ങളും നൽകിയിട്ടുണ്ട്. ഗോത്രമഹാസഭയ്ക്ക് ഫണ്ടില്ലാത്തതിനാൽ വലിയ കാര്യങ്ങളൊന്നും ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. മറിച്ചുള്ള ആരോപണങ്ങളിലും കഴമ്പില്ല.

(കടപ്പാട് : സമകാലിക മലയാളം വാരിക, 2008 മാർച്ച്)

## ഭൂമി സമരം

ഈ ലക്കം കേരളീയം ഭൂമി സമരം പ്രത്യേക പതിപ്പായതിനാൽ അതിരപ്പിള്ളി, ചക്കംകണ്ടം, മുരിയാട്, എരയാംകുടി, കൈനൂർ, വയക്കര, ഊരുമല, വെളിച്ചക്കാല, ശബരിപാത, വല്ലാർപ്പാടം, ചിറ്റണ്ട തുടങ്ങിയ സമരങ്ങളെയും പ്രശ്നങ്ങളെയും കുറിച്ചുള്ള തുടർച്ചകൾ ചേർക്കാനായിട്ടില്ല.

പ്രിയ കേരളീയം വായനക്കാരാ/രി, താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (240 രൂപ), കഴിയുന്ന സംഭാവന ഉടനെ അയച്ചുതരിക.
കേരളീയം, കൊക്കാലെ,
തൃശൂർ-21.
ഫോൺ : 9895458954,
9446576943, 9447674375